**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 59** **13-10-2026-ൽ മറുപടിയ്ക്ക്**

**വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ നടപടി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. കുറുക്കോളി മൊയ്തീൻ

ശ്രീ. പി. കെ. നവാസ്

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. കല്ലട മാഹിൻ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനായി ഹ്രസ്വകാല, ദീർഘകാല പദ്ധതികൾ ഉൾപ്പെടുത്തി സമഗ്രമായ വൈദ്യുതി നയം രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

**മറുപടി:** സംസ്ഥാനത്തിന്റെ ഊർജ്ജസുരക്ഷ ഉറപ്പാക്കുന്നതിനായി ആഭ്യന്തര ഉത്പാദനശേഷി വർധിപ്പിക്കൽ, സൗര-കാറ്റാടി-ജലവൈദ്യുത പദ്ധതികളുടെ വികസനം, Pumped Storage Projects, Battery Energy Storage Systems, Demand Side Management, വൈദ്യുതി ഇറക്കുമതി ശേഷി വർധിപ്പിക്കൽ, പ്രസരണ-വിതരണ ശൃംഖല ശക്തിപ്പെടുത്തൽ, Smart Metering, Grid Automation തുടങ്ങിയ ഹ്രസ്വകാല-ദീർഘകാല പദ്ധതികൾ ഏകോപിപ്പിച്ച് ഒരു സമഗ്ര വൈദ്യുതി നയം സ്വീകരിക്കുന്നതാണ്.

**(ബി)** ഒരു യൂണിറ്റിന് 4.29 രൂപ നിരക്കിൽ ലഭ്യമാകേണ്ടിയിരുന്ന 25 വർഷത്തെ ദീർഘകാല വൈദ്യുതി വാങ്ങൽ കരാർ റദ്ദാക്കിയത് വൈദ്യുതി ക്ഷാമത്തിന് കാരണമായിട്ടുണ്ടോ; വിശദമാക്കുമോ;

**മറുപടി:** ഉണ്ട്.

താരതമ്യേന കുറഞ്ഞ നിരക്കിൽ ലഭ്യമായിരുന്ന 465 മെഗാവാട്ടിന്റെ DBFOO ദീർഘ കാല വൈദ്യുതി കരാറുകൾ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 10.05.2023 ലെ ഉത്തരവ് പ്രകാരം റദ്ദാക്കിയത് മൂലം സംസ്ഥാനത്തിന്റെ വൈദ്യുതി ലഭ്യതയിൽ സാരമായ കുറവാണ് ഉണ്ടായിട്ടുള്ളത്. 25 വർഷത്തേയ്ക്ക് (2039 വരെ) വളരെ കുറഞ്ഞ നിരക്കിൽ ലഭ്യമാകുമായിരുന്ന ഈ വൈദ്യുതി ഇല്ലാതായത്, കൂടിയ നിരക്കിൽ വൈദ്യുതി വാങ്ങേണ്ട നിർബന്ധിത സാഹചര്യം ഉണ്ടാക്കുകയും കൂടിയ വൈദ്യുതി ആവശ്യകത കണക്കിലെടുത്ത് Swap arrangement ( പിന്നീട് തിരിച്ച് കൊടുക്കാമെന്ന വ്യവസ്ഥയിൽ വാങ്ങുന്ന ) പോലുള്ള സംവിധാനങ്ങളിലൂടെ വൈദ്യുതി വാങ്ങേണ്ട സ്ഥിതി ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. രാജ്യമൊട്ടാകെ വൈദ്യുതി ലഭ്യതയിൽ കുറവ് വന്നിട്ടുള്ള ഇപ്പോഴത്തെ സാഹചര്യത്തിൽ വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തേണ്ടി വന്നതിന് ഇത് കാരണമാവുകയും ബോർഡിന് വലിയ സാമ്പത്തിക നഷ്ടം ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്.

**(സി)** സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന 2,500 മെഗാവാട്ട് സൗരോർജം സംഭരിച്ചുവയ്ക്കുന്നതിന് മതിയായ സംവിധാനങ്ങളില്ലാത്തത് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിലേക്കായി എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

**മറുപടി:** സംസ്ഥാനത്തെ സൗരോർജ്ജ നിലയങ്ങളിൽ നിന്നുള്ള അധിക വൈദ്യുതി സംഭരിക്കുന്നതിനായി, ആകെ **500 MW/1500 MWh** ശേഷിയുള്ള ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം (BESS) പദ്ധതികൾ നടപ്പാക്കി വരുന്നു. ഇതിന്റെ ഭാഗമായി മൂന്ന് പദ്ധതികൾ പുരോഗതിയിലാണ്. പ്രസ്തുത എല്ലാ പദ്ധതികൾക്കും എഗ്രിമെന്റ് (BESPA) ഒപ്പുവെച്ചിട്ടുണ്ട്. പദ്ധതികളുടെ നിർവഹണം നിലവിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

1000 MWh ശേഷിയുള്ള Battery Energy Storage System (BESS) പദ്ധതി NTPC മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്. കൂടാതെ, TBCB (Tariff Based Competitive Bidding) മുഖേന മറ്റൊരു 500 MWh ശേഷിയുള്ള BESS പദ്ധതി കെ.എസ്.ഇ. ബി.എൽ-ന്റെ സജീവ പരിഗണനയിലാണ്.

മുകളിൽ പരാമർശിച്ച പദ്ധതികൾ കൂടാതെ, 11 kV, 33 kV വോൾട്ടേജ് തലങ്ങളിൽ Battery Energy Storage System (BESS) സ്ഥാപിക്കുന്നതിനുള്ള സാധ്യത, Distribution Transformer-കളുടെ LT ഭാഗത്ത് വികേന്ദ്രീകൃത കമ്മ്യൂണിറ്റി BESS നടപ്പിലാക്കുന്നതിനുള്ള സാധ്യത എന്നിവയും നടപ്പിലാക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**